# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3163

13/10/2011 ൽ മറുപടിക്ക്

**<u>റേഷൻ കടകളിലൂടെ കൂടുതൽ ഭക്ഷ്യവസ്തുക്കൾ നൽകാൻ നടപടി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ്ജ്<br>,, തോമസ് ഉണ്ണിയാടൻ | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാവപ്പെട്ടവർക്കും പാരമ്പര്യ തൊഴിലാളി കൾക്കും കൂടുതൽ ഭക്ഷ്യവസ്തുക്കൾ റേഷൻ കടകളിലൂടെയും മറ്റ് പൊതു വിപണന ശൃംഖലകളിലൂടെയും വിതരണം ചെയ്യുന്നതിന് നടപടി ഉണ്ടാകുമോ ? | (എ) നിലവിൽ ബി.പി.എൽ വിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് കിലോഗ്രാമിന് 1/- രൂപ നിരക്കിൽ 25 കിലോ അരിയും 2/- രൂപ നിരക്കിൽ 7 കിലോ ഗോതമ്പും പ്രതിമാസം വിതരണം ചെയ്തു വരുന്നു. എ.എ.വൈ. വിഭാഗത്തിന് കിലോഗ്രാമിന് 1/- രൂപ നിരക്കിൽ 35 കിലോ അരി വിതരണം ചെയ്തു വരുന്നു. എ.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം പരമാവധി 12 കിലോ അരിയും 3 കിലോ ഗോതമ്പുമാണ് വിതരണം ചെയ്തു വരുന്നത്. സബ്സിഡി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എ.പി.എൽ കാർഡുടമകൾക്ക് അരിയും ഗോതമ്പും കിലോഗ്രാമിന് 2/- രൂപ നിരക്കിലും മറ്റുള്ളവർക്ക് അരി 8.90 രൂപ നിരക്കിലും ഗോതമ്പ് 6.70 രൂപ നിരക്കിലുമാണ് വിതരണം ചെയ്തു വരുന്നത്. ഇതു കൂടാതെ ഓണക്കാലത്തേക്ക് അധികവിഹിതമായി എ.പി.എൽ കാർഡുടമകൾക്ക് 12.70 രൂപ നിരക്കിലുള്ള 10 കിലോ അരിയും 9.20 രൂപ നിരക്കിലുള്ള 5 കിലോ ഗോതമ്പും അനുവദിച്ചിട്ടുണ്ട്.<br>കൂടുതൽ ഭക്ഷ്യ വസ്തുക്കൾ അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ.

a